സബ്മിഷൻ

(1) യൂത്ത് കോൺഗ്രസ് മാർച്ചിനുനേരെയുള്ള പോലീസ് നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ നടക്കുന്ന പിൻവാതിൽ നിയമനങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് തലസ്ഥാന നഗരിയായ തിരുവനന്തപുരത്തും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും യുവജനങ്ങൾ സമരത്തിലാണ്. സർക്കാരിൽ നടക്കുന്ന പിൻവാതിൽ നിയമനങ്ങൾക്കെതിരെയും തിരുവനന്തപുരം കോർപ്പറേഷനിൽ നടന്ന പിൻവാതിൽ നിയമനങ്ങൾക്ക് നേതൃത്വം നൽകിയ മേയറെ സംരക്ഷിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ചും ഇന്നലെ തിരുവനന്തപുരം ജില്ലാ യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന നിയമസഭാ മാർച്ചിനുനേരെ പോലീസിന്റെ നരനായാട്ടാണ് ഉണ്ടായത്. യാതൊരു പ്രകോപനവുമില്ലാതെ സമരക്കാർക്കുനേരെ എല്ലാ പ്രൊസീജ്യറുകളും ലംഘിച്ചുകൊണ്ട് മുന്നറിയിപ്പില്ലാതെ ഗ്രനേഡ് പ്രയോഗിച്ചു. സ്ത്രീകൾ ഉൾപ്പെടെയുള്ള ആൾക്കൂട്ടത്തിനുനേരെയാണ് ഗ്രനേഡ് എറിഞ്ഞത്. ഗ്രനേഡ് പൊട്ടി നെയ്യാറ്റിൻകര സ്വദേശിയായ വിഷ്ണുവെന്ന പ്രവർത്തകന്റെ കാൽ തകർന്നു. അങ്ങനെ കാൽ തകർന്ന് ആ പ്രവർത്തകൻ റോഡിൽ

കിടന്നപ്പോൾ ആശുപത്രിയിലെത്തിക്കാൻപോലും പോലീസ് തയ്യാറായില്ല. അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകാൻപോലും നിവൃത്തിയില്ലാതെയായിരുന്നു പ്രവർത്തകർ നിന്നിരുന്നത്. വിഷ്ണുവിന്റെ കാലിന്റെ അടിഭാഗം പൂർണ്ണമായും തകർന്നു. ദീർഘസമയം കഴിഞ്ഞാണ് അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചത്. അദ്ദേഹം ഇപ്പോൾ ചികിത്സയിലാണ്. ഇന്നലെ രാത്രിതന്നെ ഒരു ശസ്ത്രക്രിയ നടന്നു. ഇനിയും ഒന്നുരണ്ട് ശസ്ത്രക്രിയകൾകൂടി നടത്തേണ്ടിവരുമെന്നാണ് ഡോക്ടർമാർ അറിയിച്ചിട്ടുള്ളത്. കാലിന്റെ ചലനശേഷി വീണ്ടെടുക്കാൻ കഴിയുമോയെന്ന് സംശയമാണ്. ലാത്തിച്ചാർജ്ജ് നടത്തുമ്പോഴും കണ്ണീർവാതകം പ്രയോഗിക്കുമ്പോഴും ഗ്രനേഡ് പൊട്ടിക്കുമ്പോഴും ജലപീരങ്കി ചീറ്റുമ്പോഴുമെല്ലാം മുന്നറിയിപ്പുകൾ നൽകാറുണ്ട്. ഇവിടെ എത്രയോ സമരങ്ങൾ നടന്നിട്ടുണ്ട്, നാമെല്ലാം എത്രയോ സമരങ്ങളിൽ പങ്കെടുത്തവരാണ്. ഇവിടെ ഒരു പ്രകോപനവുമില്ലാതെ, നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടാണ് ആൾക്കൂട്ടത്തിനുനേരെ ഗ്രനേഡ് എറിഞ്ഞത്. പരിമിതമായ ജീവിത സാഹചര്യത്തിൽ ജീവിക്കുന്ന പാവപ്പെട്ട കുടുംബത്തിലെ ഒരു ചെറുപ്പക്കാരനാണ് ഇങ്ങനെ സംഭവിച്ചത്. ഇത്

ആവർത്തിക്കപ്പെടാൻ പാടില്ല. എല്ലാ നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ട് ഇത്തരത്തിൽ ക്രൂരമായ വേട്ട നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 06-12-2022-ന് തലസ്ഥാനത്ത് 150-ഓളം വരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകർ നിയമസഭയിലേയ്ക്ക് നടത്തിയ മാർച്ച് നിയമസഭയ്ക്ക് സമീപം പോലീസ് ബാരിക്കേഡ് ഉയർത്തി തടഞ്ഞിരുന്നു. ബാരിക്കേഡ് ഭേദിച്ചും പോലീസിനുനേരെ കല്ലേറ് നടത്തിയും മാർച്ച് അക്രമാസക്തമായതിനെത്തുടർന്ന് പോലീസ് നിരവധി തവണ ജലപീരങ്കി പ്രയോഗിച്ചു. എന്നിട്ടും പിരിഞ്ഞുപോകാതെ പ്രവർത്തകർ സ്ഥലത്ത് സംഘർഷങ്ങൾ സൃഷ്ടിച്ച സന്ദർഭത്തിലാണ് MK2 ഇനത്തിൽപ്പെട്ട സ്റ്റൈംഗ്ത് ഗ്രനേഡ് പ്രയോഗിച്ച് ഇവരെ പിരിച്ചുവിട്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഈ സംഭവത്തിൽ ഒരു പ്രവർത്തകന്റെ ഇടതുകാലിന് മുറിവേൽക്കാൻ ഇടയായിട്ടുണ്ട്. പരിക്കേറ്റ പ്രവർത്തകനെ റോഡിൽ തള്ളുകയല്ല പോലീസ് ചെയ്തത്. പരിക്കേറ്റ

പ്രവർത്തകനെ പോലീസ് ചികിത്സയ്ക്കായി ജനറൽ ആശുപത്രിയിൽ എത്തിച്ചിരുന്നു. നിലവിൽ ഇദ്ദേഹം ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. മാർച്ചിനെത്തുടർന്നുണ്ടായ സംഭവത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 1781/22 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. അന്വേഷണത്തിന്റെ ഫലം എന്താണോ അതിനനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് കരുതുന്നത്.

(2) <u>പ്രീമെട്രിക് സ്കോളർഷിപ്പ്</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 2006-ലെ ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റാണ് കേരളത്തിലെയും ഇന്ത്യയിലെയും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആളുകളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മുന്നേറ്റത്തിനുവേണ്ടി 15 ഇന കർമ്മപരിപാടി ആവിഷ്കരിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിൽ സൂചിപ്പിച്ച ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള 'പ്രീമെട്രിക് സ്കോളർഷിപ്പ്'. 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകിയിരുന്നത്.

കേവലം 1000/- രൂപ മാത്രമാണ് പ്രതിവർഷം കൊടുക്കുന്നത്. ഒരു ലക്ഷത്തിൽതാഴെയുള്ള ദരിദ്രരിൽ ദരിദ്രരായവരുടെ കുട്ടികൾക്കാണ് ഈ ആനുകൂല്യം കിട്ടിക്കൊണ്ടിരുന്നത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന പ്രീമെട്രിക് ആനുകൂല്യങ്ങൾ കേന്ദ്രഗവൺമെന്റ് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. കേന്ദ്രഗവൺമെന്റിന്റെ ന്യൂനപക്ഷവിരുദ്ധ സമീപനങ്ങളുടെ തുടർച്ചയായി മാത്രമേ നമുക്ക് ഇതിനെ കാണാൻ കഴിയുകയുള്ളൂ. 2009-ലാണ് പുതിയ സാർവ്വത്രിക വിദ്യാഭ്യാസമൊക്കെ വന്നത്. സൗജന്യ വിദ്യാഭ്യാസമുൾപ്പെടെയുള്ള കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കുന്നത്. അതൊക്കെയാണെങ്കിലും 1,000/- രൂപ എന്നത് ഒരു ആശ്വാസമാണ്, പ്രോത്സാഹനമാണ്. അതുപോലും നിർത്തലാക്കുന്ന ഈ സമീപനം ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അങ്ങേയറ്റത്തെ കേന്ദ്രസർക്കാരിന്റെ അവഗണനയാണെന്നുള്ളത് ചൂണ്ടിക്കാണിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ശക്തമായ സമ്മർദ്ദം ചെലുത്തി ഇത് പുനഃസ്ഥാപിക്കണം. പുനഃസ്ഥാപിക്കുന്നതുവരെ സംസ്ഥാന ഗവൺമെന്റ് ഈ വിദ്യാർത്ഥികൾക്ക്

ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന ന്യൂനപക്ഷ സ്കോളർഷിപ്പ് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞപ്പോൾ ഞാൻ ഇക്കാര്യം സൂചിപ്പിച്ചതാണ്. എങ്കിലും ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽകുമാറിന്റെ സബ്മിഷനുള്ള മറുപടിയായി പറയാനുള്ളത്, 1 മുതൽ 10 വരെ ക്ലാസ്സുകളിലുള്ള ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കുള്ള ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പിന് ഇക്കൊല്ലം കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം 20-07-2022-ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ ക്ഷണിച്ചതുപ്രകാരം പുതുതായിട്ടും അതുപോലെതന്നെ റിന്യൂവൽ ചെയ്യേണ്ട വിഭാഗങ്ങൾക്കായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ 8 ലക്ഷം കുട്ടികളാണ് അപേക്ഷ സമർപ്പിച്ചത്. എന്നാൽ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും

നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമായതിനാൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുമാത്രമേ പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുള്ളൂവെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ മാത്രം വെരിഫൈ ചെയ്താൽമതിയെന്നുള്ള അറിയിപ്പ് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് 29-11-2022-ൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികളെ ഒഴിവാക്കിയതോടെ സംസ്ഥാനത്ത് ലഭ്യമായിക്കൊണ്ടിരുന്ന ആകെ സ്കോളർഷിപ്പിന്റെ 80 ശതമാനത്തോളം കുറവ് വന്നു. 9, 10 ക്ലാസ്സുകളിൽ അപേക്ഷ സമർപ്പിച്ച കുട്ടികൾ 20 ശതമാനം മാത്രമാണ്. 80 ശതമാനത്തോളം തുകയാണ് സ്കോളർഷിപ്പ് ഇനത്തിൽ കുറവുവരുത്തിയത്. 2009-ലാണ് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നിലവിൽവന്നത്. വർഷങ്ങളായി നൽകിവന്നിരുന്ന സ്കോളർഷിപ്പ് ഇക്കൊല്ലം അപേക്ഷ ക്ഷണിച്ചതിനുശേഷമാണ് പൊടുന്നനെ വിദ്യാഭ്യാസ അവകാശ

നിയമത്തിന്റെ പേരുപറഞ്ഞ് നിർത്തലാക്കിയത്. അതായത് എട്ട് ലക്ഷത്തോളം അപേക്ഷകൾ സ്വീകരിച്ചതിനുശേഷമാണ് പെട്ടെന്ന് കേന്ദ്രഗവൺമെന്റ് 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് നിർത്തലാക്കിയത്. ഇത് തികച്ചും അനുചിതമായ കാര്യമാണ്. കുട്ടികൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു ആനുകൂല്യവും നിർത്തലാക്കാൻ പാടില്ലെന്നുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഒരു കാരണവശാലും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് ആനുകൂല്യം നിർത്തലാക്കരുതെന്നാണ് സംസ്ഥാന സർക്കാരിന്റെ ആഗ്രഹം. അതിനാൽ ഈ സ്കോളർഷിപ്പ് പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാരിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതാണ്. സമ്മർദ്ദം ചെലുത്തിയാൽ എത്രകണ്ട് നടപ്പിലാക്കുമെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. കിട്ടുകയാണെങ്കിൽ അത് ഉപയോഗപ്പെടുത്താം. അല്ലെങ്കിൽ എന്ത് ബദൽമാർഗ്ഗം ഉണ്ടാക്കാൻ കഴിയുമെന്ന കാര്യം സംസ്ഥാന ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പരവൂർ കായൽ സംരക്ഷണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ദേശീയ ജലപാതയുടെ

ഭാഗമായിട്ടുള്ളതാണ് പരവൂർ കായൽ. ഇത്തിക്കരയാർ ഒഴുകി പരവൂർ കായലിൽ വന്നുചേരുന്ന ഭാഗത്ത് ചെറുതും വലുതുമായ മണൽത്തിട്ടകൾ രൂപപ്പെട്ടതിനാൽ പരിസ്ഥിതി വിനാശത്തിലകപ്പെടുന്ന നിലയിലാണ് ഈ കായൽ ഇപ്പോഴുള്ളത്. മൺതിട്ടകളിൽ വൃക്ഷങ്ങളും സസ്യലതാദികളും വളർന്ന് ഇവിടം വലിയ കരയായി മാറിയിരിക്കുകയാണ്. ഇതുമൂലം കടലിലേയ്ക്കുള്ള ജലപ്രവാഹംപോലും നിലച്ചിരിക്കുകയാണ്. കുട്ടനാടൻ മാതൃകയിൽ നെൽകൃഷി നടത്തുന്ന പോളച്ചിറ കായൽ, മാലാ കായൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നെൽകൃഷിപോലും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. അതുപോലെ കായലിലെ മത്സ്യസമ്പത്തും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. വെള്ളപ്പൊക്കംമൂലം ആളുകൾക്ക് വാസസ്ഥാനം നഷ്ടപ്പെടുന്ന അവസ്ഥയാണ്. കരയിടിഞ്ഞ് കായലിലേയ്ക്ക് ചേർന്ന് ഭൂമിതന്നെ ഇല്ലാതാകുകയാണ്. മൺതിട്ടകൾ ഉണ്ടാകുന്നതിന്റെ കാരണം കണ്ടുപിടിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്തേണ്ടതുണ്ട്. നിരവധി തവണ ഇക്കാര്യം മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ ബോധ്യപ്പെടുത്തിയെങ്കിലും ഫലപ്രദമായ നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ പരവൂർ കായലിൽ

രൂപപ്പെട്ടിട്ടുള്ള മൺതിട്ടകൾ അടിയന്തരമായി നീക്കം ചെയ്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും പരവൂർ കായലിന്റെ സ്വാഭാവികത നിലനിർത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട ജി. എസ്. ജയലാൽ സൂചിപ്പിച്ച വിഷയം തീർച്ചയായും ഗൗരവമായി പരിശോധിക്കും. പ്രത്യേകിച്ച് പരവൂർ കായൽ പ്രദേശം അതിന്റെ ഇന്നത്തെ അവസ്ഥയിൽ വന്നിട്ടുള്ള മാറ്റങ്ങൾ, മണൽത്തിട്ട രൂപപ്പെട്ടത് മുഖാന്തരം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ, ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടാനും മറ്റും കാരണമായിത്തീർന്നിട്ടുണ്ട്. മാത്രമല്ല, കൃഷി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് തടസ്സം നേരിടുന്നുവെന്നാണ് അംഗം സൂചിപ്പിച്ചിട്ടുള്ളത്. ഇത്രയും കാര്യങ്ങളെക്കുറിച്ച് അടിയന്തരമായി ഒരു പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. ഡി.എസ്.ആർ. 2018 പ്രകാരം നാലര കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും മണ്ണിന്റെ ഘടനയും അളവും ശാസ്ത്രീയമായി നിശ്ചയിച്ച് പ്രവൃത്തി ചെയ്യേണ്ടതായിട്ടുള്ളതുകൊണ്ട് അഞ്ച് ലക്ഷം രൂപ

അടങ്കൽ തുക വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഐ.ഡി.ആർ.ബി.-യിൽ നിന്നും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി, കരാറിലൂടെ പര്യവേഷണ പ്രവൃത്തികൾ ഉടൻതന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മണ്ണിന്റെ ഘടനയും അളവും നിശ്ചയിച്ച് സർക്കാരിന് വരുമാനം ലഭിക്കത്തക്ക രീതിയിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പ്രകാരം കായലിൽനിന്ന് മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെടുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

(4) <u>കോന്നി മലയോര മേഖലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം</u>

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, നമ്മുടെ നാട്ടിൽ ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന കാലത്ത് കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, കലഞ്ഞൂർ തുടങ്ങിയ പ്രദേശങ്ങളിലെ വനഭൂമിയിൽ കൃഷി ചെയ്യാൻ ധാരാളം കർഷകർ എത്തിയിരുന്നു. അവരുടെ മൂന്ന് തലമുറകൾ പിന്നിട്ടുകഴിഞ്ഞു. ഏകദേശം എട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശവും പട്ടയവും ലഭ്യമായിട്ടില്ല.

1977-ന് മുമ്പ് വനഭൂമി കയ്യേറിയ കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനുവേണ്ടിയിട്ടുള്ള വ്യവസ്ഥയുണ്ട്. അതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. ആ ആവശ്യം ലഭ്യമാകുന്നതിന് കാലതാമസം നേരിടുകയാണ്. റവന്യൂ-വനം ഉദ്യോഗസ്ഥരുടെ ജോയിന്റ് പരിശോധനയ്ക്കുശേഷം 2019 ഒക്ടോബർ മാസത്തിൽ അനുമതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. മൂന്ന് വർഷം കഴിഞ്ഞിട്ടും കേന്ദ്രസർക്കാർ ഇതുമായി ബന്ധപ്പെട്ട അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. മൂന്ന് വർഷത്തിനിടയിൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട നിരവധി രേഖകളും വിവരങ്ങളും സംസ്ഥാന സർക്കാർ നൽകിക്കഴിഞ്ഞിട്ടുണ്ട്. 2021-ൽ കേന്ദ്രത്തിൽനിന്നും ഒരു സംഘം വന്ന് ഫീൽഡ് പരിശോധന നടത്തിയിരുന്നു. പക്ഷെ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ഇതുവരെ അന്തിമതീരുമാനമെടുത്തിട്ടില്ല. നിലവിൽ ഡൽഹിയിലെ ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റ്സിന്റെ ഓഫീസിലാണ് പ്രസ്തുത ഫയലുള്ളത്. കോന്നിയിലെ മലയോര കർഷകരുടെ പട്ടയ വിഷയം അടുത്ത ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയിലെങ്കിലും അജണ്ടയായി ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വനം

വകുപ്പിലെ ഒരു ഉന്നത സംഘത്തെത്തന്നെ ഡൽഹിയിൽ അയച്ച് വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ഇടപെടണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. യു. ജനീഷ് കുമാർ ഉന്നയിച്ച പ്രശ്നം അത്ര ലളിതമാണെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, അദ്ദേഹം സൂചിപ്പിച്ചതുപോലെ ഇത് 2019-ൽ ആരംഭിച്ചതാണ്. ഏതാണ്ട് 6500 കുടുംബങ്ങൾക്ക് പ്രയോജനമുള്ള 1970.041 ഹെക്ടർ കൈവശ വനഭൂമിയുടെ ക്രമീകരണത്തിനുവേണ്ടിയുള്ള അപേക്ഷയാണ് എല്ലാ നടപടികളും പൂർത്തീകരിച്ച് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്. അവരുടെ ബാംഗ്ലൂരിലുള്ള റീജിയണൽ ഓഫീസിലേയ്ക്ക് നൽകണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവിടെയും അത് സമർപ്പിക്കുകയുണ്ടായി. പിന്നീട് 27-08-2020-ന് പരിഹാരവൽക്കരണത്തിനായുള്ള ഭൂമിയുടെ കെ.എം.എൽ. ഫയലുകൾ, കൈവശ വനഭൂമി സംബന്ധിച്ച അധിക വിവരം എന്നിവ വീണ്ടും ആരായുകയുണ്ടായി. ടി വിവരങ്ങൾ ഫീൽഡ് ഡിവിഷനുകളിൽനിന്നും ശേഖരിച്ച് 07-12-2020-നുതന്നെ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും

വിശദമായ പരിശോധനയ്ക്കുശേഷം 17-12-2020-ന് കേന്ദ്രസർക്കാരിലേയ്ക്ക് നൽകുകയും ചെയ്തു. പിന്നീട് മാസങ്ങൾ കഴിഞ്ഞതിനുശേഷം 09-02-2021-ന് കേന്ദ്രസർക്കാർ വീണ്ടും അധിക വിവരങ്ങൾ ആവശ്യപ്പെടുകയുണ്ടായി. 11-02-2022-ന് അവയും സമർപ്പിച്ചു. 18-03-2021-ന് നടന്ന ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയുടെ യോഗത്തിൽ ഇത് മുഴുവൻ പരിശോധിക്കുകയും അവരുടെ ടീം ഇവിടെ പരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 19-05-2022-ൽ വീഡിയോ കോൺഫറൻസിംഗ്വഴി അവർ ആവശ്യപ്പെട്ട വിവരങ്ങൾ 17-06-2022-ന് തന്നെ വീണ്ടും സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 26-07-2022-ന് ഡൽഹിയിൽ ഒരു മീറ്റിംഗ് നടത്തി. അതിനുശേഷം 04-08-2022-ൽ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം 10-11-2022-ന് ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റ്സ് ഡിവിഷണൽ ഓഫീസർക്ക് വീണ്ടും സമർപ്പിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിലെ ബഹുമാനപ്പെട്ട മന്ത്രിയെ ഒന്നിലധികം തവണ സന്ദർശിച്ച് ഇത് ലഭ്യമാകേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തിയിരുന്നതാണ്. വളരെ അനുഭാവപൂർവ്വമായാണ് അദ്ദേഹം സംസാരിച്ചതെങ്കിലും ഫലത്തിൽ

അനുമതി നിഷേധിക്കുന്ന നയമാണ് ഇതുവരെ അവർ സ്വീകരിച്ചിട്ടുള്ളത്. ഇതിൽ മറ്റെന്തെങ്കിലും രാഷ്ട്രീയ താൽപര്യമുണ്ടോയെന്ന സംശയം ജനങ്ങളിൽ വളർന്നുവന്നിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഏത് വിധത്തിലാണോ ഫലപ്രദമായ കൂടുതൽ ശ്രമങ്ങൾ നടത്തേണ്ടത് അത്തരം മാർഗ്ഗങ്ങൾ തീർച്ചയായും സ്വീകരിക്കുന്നതും പത്തനംതിട്ട ജില്ലയിലാകെ വലിയ മാറ്റങ്ങൾക്ക് വഴിതെളിയിക്കുന്ന ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ തുടരുകതന്നെ ചെയ്യുമെന്ന് സഭയെ അറിയിക്കുകയാണ്.

(5) PMAY ലൈഫ് ഭവന പദ്ധതി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2018-19-ലെ മഹാപ്രളയത്തിൽ ആലപ്പുഴ ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ പ്രത്യേകിച്ചും കുട്ടനാട് താലൂക്ക് വലിയതോതിൽ വെള്ളത്തിലാകുകയും ജനങ്ങൾക്ക് വലിയ നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തു. ഈ സാഹചര്യത്തിൽ അവരുടെ ദുരിതത്തിന് താൽക്കാലിക പരിഹാരമെന്നുള്ള നിലയിൽ സംസ്ഥാന ഗവൺമെന്റ് അടിയന്തര സഹായങ്ങൾ എത്തിക്കുകയുണ്ടായി. തകർന്നുപോയ പല വീടുകൾക്കും നാശനഷ്ടത്തിന്റെ തോതനുസരിച്ച്

പതിനായിരം രൂപ മുതൽ രണ്ടര ലക്ഷം രൂപവരെ സഹായമായി ലഭിക്കുകയുണ്ടായി. ഞാൻ ഈ സബ്മിഷനിലൂടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, എസ്.ഡി.ആർ.എഫ്.-ൽനിന്നും സി.എം.ഡി.ആർ.എഫ്.-ൽനിന്നും സഹായം ലഭിച്ച നൂറുകണക്കിന് സാധാരണക്കാരായ പാവപ്പെട്ട മനുഷ്യർക്ക് പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന വീടുകൾ 2020-21 കാലഘട്ടത്തിൽ പൊളിച്ച് ഫൗണ്ടേഷൻ കെട്ടി സർക്കാരിന്റെ സഹായത്തിനായി അവർ കാത്തിരിക്കുകയായിരുന്നു. പക്ഷെ പതിനായിരം രൂപ കൈപ്പറ്റിയിട്ടുള്ള ആൾക്കാർക്കുപോലും വീടിനുള്ള അനുമതി നിഷേധിച്ചുകൊണ്ട്.... പതിനായിരം, അറുപതിനായിരം രൂപ മുതൽ രണ്ടര ലക്ഷം രൂപ വരെയുണ്ട്. ചെറിയ സഹായമായ പതിനായിരം രൂപ വാങ്ങിയിട്ടുള്ളവർക്കുപോലും വീടിന്റെ അനുമതി നിഷേധിച്ചിരിക്കുകയാണ്. 10,000/- രൂപ കൈപ്പറ്റിയ 41 പേർ, 60,000/- രൂപ കൈപ്പറ്റിയ 116 പേർ എന്നിങ്ങനെ ഏതാണ്ട് 267 പേർ ആലപ്പുഴ നഗരസഭയിൽ മാത്രമുണ്ട്. അങ്ങനെ കൈപ്പറ്റിയിട്ടുള്ള ആൾക്കാരുടെ വീടുകൾ ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ നടത്തുകയും അവ

വാസയോഗ്യമായിട്ടുള്ളതല്ലെന്നും അർഹതയുള്ളവരാണെന്നും അവർക്ക് തുക അനുവദിക്കേണ്ടതാണെന്നും അതിന്റെ നിജസ്ഥിതി മനസ്സിലാക്കിക്കൊണ്ടുള്ള വിവരങ്ങൾ ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്യുകയും ഇതനുസരിച്ച് നഗരസഭ ഗവൺമെന്റിനോട് നിരവധി തവണ ബന്ധപ്പെടുകയും ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ഗവൺമെന്റിലും ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രമേയങ്ങൾ അയയ്ക്കുകയും ചെയ്തു. നിർഭാഗ്യമെന്ന് പറയട്ടേ, ഇതുവരെ.... ഒരു വർഷത്തിൽ ആറേഴ് മാസക്കാലം ഈ പ്രദേശങ്ങളിലെല്ലാം വെള്ളക്കെട്ടാണ്. അങ്ങനെ വെള്ളക്കെട്ട് നിൽക്കുന്ന പ്രദേശത്തുള്ള പാവപ്പെട്ട മനുഷ്യർ പതിനായിരം രൂപ കൈപ്പറ്റിപ്പോയതിന്റെ പേരിൽ അവർക്ക് ലഭിക്കേണ്ട നാല് ലക്ഷം രൂപയുടെ ഭവന പദ്ധതി നിഷേധിക്കപ്പെടുന്ന സമീപനമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. പതിനായിരം രൂപയും അറുപതിനായിരം രൂപയും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ കൈപ്പറ്റിയവരുമെല്ലാം അത് തിരിച്ചടയ്ക്കാൻ തയ്യാറാണ്. അവർക്ക് ഭവനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ

ഞാൻ അഭ്യർത്ഥിക്കുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം രണ്ട് തവണയായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതി പരിശോധിച്ചതാണ്. 10-02-2021-നും 14-09-2021-നും വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുത്തതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് പ്രളയത്തിൽ 75 ശതമാനത്തിൽ കൂടുതൽ നാശനഷ്ടമുണ്ടായ വീടുകൾക്ക് എസ്.ഡി.ആർ.എഫ്., സി.എം.ഡി.ആർ.എഫ്. എന്നിവയിൽനിന്ന് നാല് ലക്ഷം രൂപ ധനസഹായം കിട്ടിയിട്ടുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഭവന നിർമ്മാണത്തിന് സഹായം നൽകേണ്ടതില്ലെന്നാണ് തീരുമാനിച്ചത്. ലൈഫ് ഭവന പദ്ധതി പ്രകാരം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് നാല് ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. അതുകൊണ്ടാണ് എസ്.ഡി.ആർ.എഫ്.-ൽനിന്നും സി.എം.ഡി.ആർ.എഫ്.-ൽനിന്നും നാല് ലക്ഷം രൂപ കിട്ടിയിട്ടുണ്ടെങ്കിൽ അവർക്ക് ഇത് അനുവദിക്കേണ്ടതില്ലെന്ന്

നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 60 ശതമാനം മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ വീടുകൾക്ക് പരമാവധി 25,000/- രൂപയാണ് എസ്.ഡി.ആർ.എഫ്.-ൽനിന്നും സി.എം.ഡി.ആർ.എഫ്.-ൽനിന്നും ലഭിക്കുന്നത്. ആ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ലെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശ പ്രകാരം പുതിയ വീട് നിർമ്മിക്കുന്നതിന് 25,000/- രൂപയ്ക്ക് പുറമെ ഒന്നര ലക്ഷം രൂപ കൂടി അധികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചിട്ടുള്ളവർക്ക് പ്രത്യേകമായ ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് നൽകേണ്ടതില്ലെന്നാണ് നിശ്ചയിച്ചത്. 2018-ലെയും 2019-ലെയും പ്രളയങ്ങളിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസിൽ SDRF/CMDRF എന്നിവയിൽ നിന്നോ മറ്റേതെങ്കിലും വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈഫിന്റെ നിരക്കായിട്ടുള്ള 4 ലക്ഷം രൂപ ധനസഹായമായി നൽകുന്നതിനുള്ള

നിർദ്ദേശവും ഈ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിലെ ലൈഫിന്റെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടതും പ്രളയ ദുരിതാശ്വാസ പദ്ധതിപ്രകാരം ധനസഹായം ലഭിച്ചതുമായ ഒൻപത് ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതിപ്രകാരം ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്ന പഞ്ചായത്തിന്റെ ആവശ്യം 15-10-2022-ന് ചേർന്ന വികേന്ദ്രീകൃത ആസൂത്രണത്തിന്റെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തു. പ്രളയത്തിൽ പൂർണ്ണമായും വീട് തകർന്ന ഏതെങ്കിലും കേസുകളിൽ SDRF/CMDRF എന്നിവയിൽ നിന്ന് വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രമേ വീട് നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് ലൈഫ് നിരക്കിൽ ധനസഹായം നൽകേണ്ടതുള്ളൂവെന്നാണ് കോ-ഓർഡിനേഷൻ സമിതി തീരുമാനിച്ചിട്ടുള്ളത്.

പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം നേരിടുകയും ആയതിന് നഷ്ടപരിഹാരം ഏതെങ്കിലും സ്കീമുകളിൽനിന്ന് ലഭിക്കുകയും ചെയ്തവരുടെ വീടുകൾ പിന്നീട് വാസയോഗ്യമല്ലാതായിത്തീർന്നശേഷം ലൈഫ്

പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ അവരുടെ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് ലൈഫ് മിഷനിൽനിന്ന് ധനസഹായം അനുവദിക്കാമോ എന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് അറിയിക്കുന്നു.

(6) ലഹരിവിൽപ്പനക്കെതിരായി നിയമനിർമ്മാണം

ശ്രീ. കെ. പി. മോഹനൻ: സർ, കേരളം ഏറ്റവും കൂടുതൽ അപകടത്തിലേയ്ക്ക് പോകുന്ന സ്ഥിതിയിലേയ്ക്കാണ് ലഹരി മാഫിയസംഘങ്ങൾ വളർന്നുവരുന്നത്. മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും സമൂഹത്തിൽ അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയമത്തിലെ പഴുതുകളുപയോഗിച്ച് മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി വിൽപ്പനക്കാർ നിയമനടപടിയിൽനിന്നും എളുപ്പത്തിൽ ഒഴിവാകുന്നത് മയക്കുമരുന്ന് വ്യാപനത്തിന്റെ പ്രധാനകാരണമാണ്. സ്കൂൾ കുട്ടികളിലടക്കം വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വ്യാപനം തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ ഉറപ്പാക്കുന്നതിനും ഫലപ്രദമായ മാതൃകയാകുന്ന തരത്തിൽ പോലീസിനെയും എക്സൈസ് വകുപ്പുകളെയും ഏകോപിപ്പിച്ച് നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ തയ്യാറാകണം. ഇന്നത്തെ

മാതൃഭൂമിയിലെ വലിയൊരു വാർത്ത എട്ടാം ക്ലാസുകാരിയുടെ പ്രശ്നത്തെക്കുറിച്ചാണ്. ഇന്നലെ ഏഷ്യാനെറ്റ് ന്യൂസിലൂടെ ആ കുട്ടിയെ മയക്കമരുന്ന് ക്യാരിയറായും മറ്റും ഉപയോഗിച്ചുവെന്ന വളരെ വേദനിപ്പിക്കുന്ന വാർത്തകളാണ് കുട്ടി പറയുന്നത്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളടക്കം നിരവധി പ്രദേശങ്ങൾ ഇന്ന് മയക്കമരുന്ന് മാഫിയകളുടെ അധീനതയിലാണ്. തലശ്ശേരിയിലെ ഇരട്ടക്കൊലപാതകമടക്കം നിരവധി അക്രമങ്ങളും നാട്ടിൽ നടക്കുകയാണ്. മയക്കമരുന്നു വാങ്ങാൻ പണം നൽകാത്തതിന്റെ പേരിൽ മകൻ അമ്മയെ വെട്ടിപ്പരിക്കേൽപ്പിക്കുന്ന സ്ഥിതിയുണ്ടാകുന്നു; കൊലപാതകങ്ങൾ നടക്കുന്നു.

കഴിഞ്ഞ ഡിസംബർ രണ്ടിനാണ് സ്കൂൾ വിദ്യാർത്ഥിനിയായ പതിമൂന്നുകാരിയെ മയക്കമരുന്ന് നൽകി വശത്താക്കുകയും മയക്കമരുന്നിന്റെ ക്യാരിയറാക്കി മരുന്ന് കുത്തിവച്ച് ഭീഷണിപ്പെടുത്തി ലഹരിമരുന്നിന്റെ വിതരണത്തിനുപയോഗിക്കുന്ന സമൂഹമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന സംഭവം വടകരയിലെ അഴിയൂരിൽ ഉണ്ടായത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റും കബഡി ടീം അംഗവുമായ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയെയാണ് ഇത്തരത്തിൽ ശരീരത്തിൽ പ്രത്യേക ചിത്രങ്ങൾ (ഇമേജുകൾ)

അടയാളപ്പെടുത്തുകയും ആ അടയാളം ഉപയോഗിച്ച് മയക്കമരുന്ന് വിതരണത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നത്. കളിക്കിടെ ഒപ്പമുണ്ടായിരുന്ന കുട്ടി നൽകിയ ബിസ്കറ്റ് കഴിച്ചതോടെയാണ് ഈ കുട്ടി ലഹരിയുടെ പിടിയിലായത്. ഒരിക്കൽ ബിസ്കറ്റ് കഴിച്ചാൽ വീണ്ടും കഴിക്കണമെന്ന ആഗ്രഹവുമുണ്ടാകും. ലഹരി കടത്തിയില്ലെങ്കിൽ മുഖത്ത് ആസിഡ് ഒഴിക്കുമെന്ന ഭീഷണി കാരണം സ്കൂളിൽ നിരവധി കുട്ടികൾ ഇത്തരത്തിൽ ലഹരി ഉപയോഗിക്കുന്നതായാണ് കുട്ടിയുടെ മൊഴി. സ്കൂൾ യൂണിഫോമിൽ മൂന്ന് കുട്ടികൾ സ്കൂൾ ബാഗിൽ തലശ്ശേരിയിൽ ലഹരി വിതരണം നടത്തിയതായും ഇഞ്ചക്ഷനെടുത്താൽ ഒന്നും ഓർമ്മയില്ലാത്ത അവസ്ഥയിലാണെന്നും എന്താണ് ചെയ്യുന്നതെന്ന് അറിയില്ലെന്നും കുട്ടി മാധ്യമങ്ങളോട് പറയുകയാണ്. ഇതുസംബന്ധിച്ച് ചോമ്പാല പോലീസിൽ പരാതി നൽകിയെങ്കിലും കുട്ടിയുടെ മൊഴിയിൽ പൊരുത്തക്കേടുണ്ടെന്ന് പറഞ്ഞ് കേസെടുക്കാൻ പോലീസ് തയ്യാറായില്ലെന്നും സ്കൂൾ അധികൃതർ ചൈൽഡ് ലൈൻ പ്രവർത്തകരെ വിവരമറിയിച്ചില്ലെന്നും പരാതിയുണ്ട്.

എന്റെ നാട്ടിനടുത്ത് ചെറുവാഞ്ചേരി എന്ന പ്രദേശത്ത് മയക്കമരുന്ന് വിരുദ്ധ ജനകീയ പ്രതിരോധ സമിതി ഒരു സമിതിയുണ്ടാക്കി ഏകദേശം

നാലായിരത്തോളം ആളുകളിൽനിന്ന് ഒപ്പ് ശേഖരിച്ചു. അതിന്റെ ചെയർമാന്മാരായ ശ്രീ. സന്തോഷ് **ഇരിഞ്ഞോളിലും** ശ്രീ. പന്നിയോട് ചന്ദ്രനും പറയുന്നത്, ഗ്രാമപ്രദേശവും ആദിവാസി മേഖലയുമായതിനാൽ ഇതിന് കർശനമായ നിയമം കൊണ്ടുവരണമെന്നുള്ളതാണ്. നിയമസഭയിൽ അതിന് സാധ്യതയുള്ളതിനാൽ അതിനുവേണ്ടിയുള്ള ശ്രമം നടത്തുകയും മയക്കുമരുന്നിൽനിന്നും കേരളത്തെ രക്ഷിക്കാൻ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് പറയാനുള്ളത്.

ശ്രീമതി. കെ. കെ. രമ: സർ, എന്റെ മണ്ഡലത്തിൽ നടന്ന ഒരു പ്രധാനപ്പെട്ട വിഷയമാണിത്. എട്ടാം ക്ലാസിൽ പഠിക്കുന്ന ഏറ്റവും മിടുക്കിയായ ഒരു കുട്ടിയെയാണ് മയക്കുമരുന്ന് സംഘം ക്യാരിയറായി ഉപയോഗിച്ചത്. പോലീസുൾപ്പെടെ നിഷ്ക്രിയമായാണ് ആ അന്വേഷണം കൊണ്ടുപോകുന്നത് എന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ശക്തമായ അന്വേഷണം പ്രഖ്യാപിക്കുകയും കൂടുതൽ കുട്ടികളിലേയ്ക്ക് ഇത് വ്യാപിച്ചിട്ടുണ്ടോ എന്നുള്ള ശക്തമായ പരിശോധനയും ഇതുമായി ബന്ധപ്പെട്ടുണ്ടാകണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ.

എം. ബി. രാജേഷ്): സർ, നിലവിലുള്ള നിയമത്തിലെ പഴുതുകളുപയോഗിച്ച് ലഹരി മരുന്ന് വിൽപ്പനക്കാർ ശിക്ഷയിൽനിന്നും നിയമനടപടികളിൽനിന്നും ഒഴിവാകുന്നൊരു സാഹചര്യത്തിൽ പോലീസ്-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് നിയമനിർമ്മാണം നടത്തണമെന്ന ആവശ്യമാണ് ശ്രീ. കെ. പി. മോഹനൻ അദ്ദേഹത്തിന്റെ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. നിലവിൽ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കൈവശം വയ്ക്കാവുന്ന മയക്കുമരുന്നുകളുടെ അളവ് സ്മാൾ, മീഡിയം, കമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. സ്മാൾ ക്വാണ്ടിറ്റിയാണ് കൈവശം വച്ചിട്ടുള്ള മയക്കുമരുന്നിന്റെ അളവെങ്കിൽ അത് ജാമ്യം ലഭിക്കാവുന്ന കുറ്റകൃത്യമാണ്. പക്ഷേ കേരളത്തിലെ സവിശേഷമായ സാഹചര്യത്തിൽ ആ അളവ് വളരെ ഗൗരവമുള്ള ഒരു പ്രശ്നമായതിനാൽ ആയത് കൂടിയ അളവായിട്ടാണ് കണക്കാക്കേണ്ടത്. കഞ്ചാവ് കൈവശം വയ്ക്കുന്നത് ഇപ്പോൾ കുറ്റകരമാണെങ്കിലും ഒരു കിലോഗ്രാം വരെ കഞ്ചാവ് കൈവശം വച്ചാൽ ജാമ്യം ലഭിക്കുകയും ഇങ്ങനെ ജാമ്യത്തിലിറങ്ങുന്നയാളുകൾ കുറ്റകൃത്യം ആവർത്തിക്കുകയും ചെയ്യുന്ന സാഹചര്യം പലപ്പോഴുമുണ്ടാകുന്നുണ്ട്. എൻ.ഡി.പി.എസ്. ആക്ട് കേന്ദ്ര

നിയമമായതുകൊണ്ട് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഭേദഗതിവരുത്താനാവില്ല. സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ അളവ് തിരിച്ചിട്ടുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്നും എൻ.ഡി.പി.എസ് നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുമുള്ള ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്. എൻ.ഡി.പി.എസ്. ആക്ടിലെ സെക്ഷൻ 27 പ്രകാരം ഇപ്പോൾ സംസ്ഥാനത്ത് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതനുസരിച്ച് ഒരിക്കൽ മയക്കുമരുന്നുകേസിൽ ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് സമാനമായിട്ടുള്ള കുറ്റകൃത്യം ചെയ്തിട്ടുണ്ടെങ്കിൽ ഓരോ തവണ കുറ്റം ആവർത്തിക്കുമ്പോഴും നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിന് ആക്ടിലെ വകുപ്പ് 31 പ്രകാരം നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. വകുപ്പ് 31 A പ്രകാരം വാണിജ്യ അളവിലുള്ള മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കേസിൽ ശിക്ഷിക്കപ്പെടുന്നവർ പിന്നീട് ആക്ടിൽ പറഞ്ഞിട്ടുള്ള അളവിലോ അതിൽ കൂടുതലോ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസിലുൾപ്പെട്ടാൽ വധശിക്ഷ ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.

കൂടാതെ പി.ഐ.റ്റി. എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള നിയമനടപടികളും കേരളത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മയക്കമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാ ബാങ്ക് എക്സൈസ് വകുപ്പ് ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്.

രാജ്യത്തെ കുട്ടികൾക്കെതിരായിട്ടുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നത് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമാണ്. കുട്ടികൾക്കെതിരെയുള്ള എൻ.ഡി.പി.എസ്. കേസുകൾക്ക് പ്രസ്തുത ആക്ടനുസരിച്ച് ജാമ്യം ലഭിക്കുമെങ്കിലും ആ കേസിലെ പ്രതികൾക്കെതിരെ ജെ.ജെ. ആക്ടിലെ വകുപ്പുകൾകൂടി ചുമത്തി പോലീസിപ്പോൾ കേസ് രജിസ്റ്റർ ചെയ്യുന്നത് പ്രതികൾക്ക് കൂടുതൽ ശിക്ഷ ഉറപ്പാക്കാൻ സഹായിക്കുന്നതാണ്. എന്നാൽ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം നടപടികൾ സ്വീകരിക്കുവാൻ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരമില്ലാത്തതിനാൽ എക്സൈസ് വകുപ്പുദ്യോഗസ്ഥർ കണ്ടെടുക്കുന്ന കേസുകൾ എൻ.ഡി.പി.എസ്. നിയമപ്രകാരം മാത്രമേ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. ജുവനൈൽ ജസ്റ്റിസ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസെടുക്കുന്നതിന്

എക്സൈസ് ഉദ്യോഗസ്ഥരെക്കൂടി അധികാരപ്പെടുത്തുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണറുടെ ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. സ്കൂൾ-കോളേജ് കുട്ടികൾക്കിടയിലെ മയക്കുമരുന്നിന്റെ ഉപയോഗം വല്ലാതെ കൂടുന്നുവെന്നത് വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഇപ്പോൾ ഒരു ക്യാമ്പയിൻ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. എക്സൈസിന്റെ ഇന്റലിജൻസ് വിഭാഗം രഹസ്യാന്വേഷണം നടത്തി വിവരങ്ങൾ ഫീൽഡ് ഓഫീസുകൾക്ക് നൽകി തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല വിദ്യാലയ പരിസരങ്ങളിൽ നിരന്തരമായ പട്രോളിംഗും നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ കേരളത്തിലെ എല്ലാ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും ജനകീയമായ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആ സമിതികൾ നിലവിൽ വന്നതോടുകൂടി ഇത്തരം പ്രശ്നങ്ങളിൽ ജനങ്ങളുടെ ഇടപെടൽ ശക്തിപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ കൂടുതലായി എക്സൈസിനും പോലീസിനും ലഭിക്കുന്നുണ്ട്. പൊതുവിൽ ഒരു ജാഗ്രതയുണ്ടാക്കാൻ ഇത് സഹായിച്ചിട്ടുണ്ട്. ഇപ്പോൾ പോലീസും എക്സൈസും ഏകോപിച്ചുതന്നെയാണ് പ്രവർത്തിക്കുന്നത്. ആവശ്യമായ അവസരങ്ങളിലെല്ലാം വിവരങ്ങൾ കൈമാറി തുടർനടപടികൾ സ്വീകരിക്കുന്ന

സ്ഥിതിയുണ്ട്. സംയുക്ത പരിശോധനകളും റെയ്ഡുകളും നടത്തുന്നുണ്ട്. ഇങ്ങനെ കാര്യക്ഷമമായ ഏകോപനം ഇപ്പോൾ നടക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യമല്ല. കാരണം ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ ലിസ്റ്റ് 1, യൂണിയൻ ലിസ്റ്റിലെ 59-ാം ഉൾക്കുറിപ്പും സമവർത്തി ലിസ്റ്റിലെ 19-ാം ഉൾക്കുറിപ്പും പ്രകാരം മയക്കുമരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിനായി നിയമനിർമ്മാണത്തിന് സംസ്ഥാനത്തിന് അധികാരമില്ല. അതുകൊണ്ട് സംസ്ഥാനതലത്തിൽ ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്താൻ സാധിക്കുകയില്ലെന്ന് നിയമവകുപ്പ് അറിയിച്ചിട്ടുണ്ട്. ചോമ്പാലയിലെ പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. അക്കാര്യത്തിൽ കാര്യക്ഷമമായ അന്വേഷണം നടന്നുവരികയാണ്. കർശന നടപടികൾക്ക് എക്സൈസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ പോലീസും എക്സൈസും ശക്തമായ അന്വേഷമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

(7) വള്ളിക്കുന്ന് സർക്കാർ ആർട്സ് & സയൻസ് കോളേജ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വള്ളിക്കുന്ന് മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ആർട്സ് & സയൻസ് കോളേജ് ഇല്ലാത്തതിനാൽ

മണ്ഡലത്തിലെ ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തീകരിച്ച തീരദേശ മത്സ്യത്തൊഴിലാളികളടക്കമുള്ള സാധാരണക്കാരുടെ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനായി ഏറെ പ്രയാസം നേരിടുകയാണ്. ഹയർ സെക്കൻഡറി പഠനം കഴിഞ്ഞാൽ മണ്ഡലത്തിലെ വിദ്യാർത്ഥികൾ തുടർപഠനത്തിനായി കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ട അവസ്ഥയാണ്. മണ്ഡലത്തിൽ കോളേജ് ആരംഭിക്കുന്നതിന് സാധ്യതാപഠനം അധികൃതർ നടത്തുകയും കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കോളേജ് അനുവദിക്കണമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് വള്ളിക്കുന്നിന് സ്വന്തമായി ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് മണ്ഡലത്തിലെ പൂർവ്വികർ വിദ്യാഭ്യാസ മുന്നേറ്റത്തിന് സൗജന്യമായി കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് നൽകിയ ഭൂമിയിൽനിന്ന് 5 ഏക്കർ സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും സർവ്വകലാശാലയെയും നിരവധി തവണ സമീപിച്ചതാണ്. എന്നാൽ ഈ വിഷയത്തിൽ അനുകൂല തീരുമാനം സ്വീകരിച്ചിട്ടില്ല. ആയതിനാൽ വള്ളിക്കുന്ന് മണ്ഡലത്തിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ 5 ഏക്കർ

ഭൂമി സർവ്വകലാശാലയിൽനിന്നും ലഭ്യമാക്കി കോളേജ് ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതിയ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് സ്ഥലം എം.എൽ.എ. സർക്കാരിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കോളേജ് ആരംഭിക്കുന്നത് മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ഗുണം ചെയ്യുമെന്നും കോളേജ് ആരംഭിക്കുന്നതിന് താൽക്കാലിക സംവിധാനം ഒരുക്കാവുന്നതാണെന്നും എം.എൽ.എ.-യെ അറിയിച്ചിരുന്നു. കോളേജ് നിർമ്മിക്കുന്നതിന് കോഴിക്കോട് സർവ്വകലാശാലയുടെ 5 ഏക്കർ ഭൂമി ലഭ്യമാക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ 5 ഏക്കർ സ്ഥലം കോളേജ് ആരംഭിക്കുന്നതിനായി വിട്ടുനൽകണമെന്ന എം.എൽ.എ.-യുടെ ആവശ്യം 28-12-2018-ന് ചേർന്ന യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും സ്റ്റാൻഡിംഗ് കൗൺസിലിനോട്

നിയമോപദേശം തേടാൻ തീരുമാനിക്കുകയും ചെയ്തു. യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനോ അന്യാധീനപ്പെടുത്താനോ കഴിയില്ല എന്നാണ് ബന്ധപ്പെട്ട വിഷയത്തിൽ സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിലിൽ നിയമോപദേശം നൽകിയതെന്ന് കാലിക്കറ്റ് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അധിക ബാദ്ധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്ത സ്ഥിതിയിലായതിനാൽ സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ തൽക്കാലം ആരംഭിക്കേണ്ടതില്ലെന്ന പൊതുനിലപാട് ഈ കോളേജിന്റെ കാര്യത്തിലും ബാധകമാണ്. കോളേജിന് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പൊതുനിലപാടിൽ മാറ്റമുണ്ടാകുന്ന സാഹചര്യത്തിലും കേളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(8) ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം കൈമാറ്റം ചെയ്യൽ

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2015-ൽ പ്രവർത്തനം ആരംഭിച്ച ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. വ്യവസായിക പരിശീലന വകുപ്പിന് ഈ സ്ഥലം കൈമാറ്റം ചെയ്തുകിട്ടുന്നതിന് ഐ.ടി.ഐ. വശത്തുകൂടി ഒരു കനാൽ വ്യവസായിക പരിശീലന വകുപ്പ് പുനർനിർമ്മിച്ച് നിൽകണമെന്നതായിരുന്നു ആവശ്യം. 2005-ൽ പ്രവർത്തനം ആരംഭിച്ച ഈ ഐ.ടി.ഐ.-ൽ രണ്ട് ട്രേഡുകളിലായി 4 യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നത്. സിവിൽ ട്രേഡിനും ഓഫീസിനും മാത്രമാണ് നിലവിൽ സ്ഥലസൗകര്യമുള്ളത്. തികച്ചും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഡി.ജി.ഇ.ടി.-യുടെ നിർദ്ദേശപ്രകാരം ഒരു ഐ.ടി.ഐ.-ക്ക് NCVT അഫിലിയേഷൻ നിലനിൽക്കണമെങ്കിൽ 2022 പൂർത്തിയാകുമ്പോഴേയ്ക്കും കുറഞ്ഞത് 4 ട്രേഡുകൾ വേണമെന്ന് നിർദ്ദേശമുള്ളതായി അറിയുകയും ചെയ്യുന്നുണ്ട്. ട്രെയിനികളുടെ

കുടിവെള്ളത്തിനായുള്ള കിണർ സംരക്ഷിക്കണം. ഐ.ടി.ഐ.-യുടെ കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ആയതിന് വകുപ്പിന് സ്ഥലം കൈമാറ്റം ചെയ്തുകിട്ടുന്നതിന് 68 ലക്ഷം രൂപ നിലവിൽ ഇറിഗേഷൻ വകുപ്പിന് കൈമാറണമെന്നാണ് നിർദ്ദേശമെന്നാണ് മനസ്സിലാകുന്നത്. നേരത്തേ ഒരു കോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ചെലവഴിച്ചാണ് ഈ ഐ.ടി.ഐ.-യുടെ വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ളത്. ഇക്കാര്യങ്ങൾ കാണിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നേരത്തേ അപേക്ഷ നൽകിയിരുന്നു. അടിയന്തരമായി ഇടപെട്ട് നിരഞ്ജൻ സ്മാരക ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അതിന്റെ സ്ഥലം വ്യവസായിക പരിശീലന വകുപ്പിന് ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട നിയമസഭാംഗത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ വിനിയോഗിച്ച് പാലക്കാട് ജില്ലയിലെ കരിമ്പുഴ പഞ്ചായത്തിലെ

എലമ്പുലാശ്ശേരി ഐ.ടി.ഐ.-യുടെ കെട്ടിടം നിർമ്മിക്കുന്നതിനായി 11-06-2012-ലെ സർക്കാർ ഉത്തരവ് നം 332/2012 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. വകുപ്പിന് നൽകാമെന്ന് അറിയിച്ച സ്ഥലം അടിയന്തരമായി ലഭിക്കണമെന്ന് കാണിച്ച് 23-06-2016-ൽ അർദ്ധ ഔദ്യോഗിക കത്തും 01-03-2017-ൽ കത്തും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി. അതിന്റെ അടിസ്ഥാനത്തിൽ 09-06-2017-ലെ കത്തുപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിൽ സ്കെച്ച് പ്രകാരം നിലവിലുള്ള **ഫീൽഡ് ബൂത്ത്** സ്ഥലത്തിന്റെ പടിഞ്ഞാറ് വശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് 3 മീറ്റർ വീതിയിൽ സ്ഥലം ഒഴിച്ചിട്ടാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ കനാലിലൂടെ ജലവിതരണത്തിനും പരിശോധനയ്ക്കും തടസ്സമില്ലാത്ത രീതിയിൽ നിർമ്മിച്ചുനൽകണമെന്ന വ്യവസ്ഥയോടെ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കരാർ ഉടമ്പടി നൽകി കൈമാറുന്നതിന് ജലസേചന വകുപ്പിന് യാതൊരു തടസ്സവുമില്ലെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ടി സ്ഥലം ഐ.ടി.ഐ.-ക്ക്

കൈമാറിയിട്ടില്ല. ഐ.ടി.ഐ.-ക്ക് സ്ഥലം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് KPIP എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പടണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വ്യാവസായിക പരിശീലന വകുപ്പും ജലസേചന വകുപ്പും തമ്മിൽ കരാർ ഏർപ്പെട്ടതായ ഫയൽ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ജലസേചന വകുപ്പ് പ്രസ്തുത എഗ്രിമെന്റ് പകർപ്പ് ലഭ്യമാക്കിയിട്ടുമില്ല. KPIP ഡിവിഷൻ നം. 1, കാഞ്ഞിരപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ 22-08-2018-ലെ കത്തിലൂടെ കനാൽ പുനർനിർമ്മിക്കുന്നതിന് 45 ലക്ഷം രൂപ വേണ്ടിവരുമെന്ന് അറിയിച്ചിരുന്നു. കാഞ്ഞിരപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുള്ള 24-05-2020-ലെ കത്തുപ്രകാരം ഐ.ടി.ഐ.-യുടെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ ഫീൽഡ് നിർമ്മിക്കേണ്ടതാണെന്നും ആയതിന്റെ നിർമ്മാണത്തിനായി നിലവിലെ സാഹചര്യത്തിൽ 68 ലക്ഷം രൂപയുടെ ഏകദേശം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത തുക ജലസേചന വകുപ്പിന്റെ ഡിപ്പോസിറ്റ് വർക്ക് എന്ന നിലയിൽ ചെയ്യാമെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത വിഷയത്തിൽ വ്യാവസായിക വകുപ്പിൽ സ്വന്തം പേരിൽ സ്ഥലം

ലഭ്യമല്ലാത്തതിലും അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതിനാലും പ്രസ്തുത സ്ഥലത്തെ കനാൽ നിർമ്മാണ കരാറിൽ ഏർപ്പെടേണ്ടതില്ലെന്ന് ആസൂത്രണകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ അഭിപ്രായത്തോട് ധനകാര്യ വകുപ്പ് യോജിക്കുകയുണ്ടായി. മേൽസാഹചര്യത്തിൽ പ്രസ്തുത സ്ഥലം പരിശോധന നടത്തി ടി വിഷയത്തിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാൻ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) <u>വെസ്റ്റ് ഹിൽ ഭട്ട് റോഡ് റെയിൽവേ മേൽപ്പാല നിർമ്മാണം</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, എന്റെ മണ്ഡലത്തിലെ മാനാഞ്ചിറ-പാവങ്ങാട് റോഡിലെ വെസ്റ്റ് ഹിൽ ഭട്ട് റോഡ് റെയിൽവേ ഗേറ്റ് വഴി നഗരത്തിലേയ്ക്ക് പ്രവേശനം നിരോധിച്ചതുകൊണ്ട് എല്ലാ ലോറി ട്രാഫിക്കും അതിലൂടെയാണ് പോകുന്നത്. റെയിൽവേയുടെ പടിഞ്ഞാറ് ഭാഗത്ത് ധാരാളം വീടുകളുണ്ട്. ഇപ്പോൾ ധാരാളം ട്രെയിനുകളുമുണ്ട്. വെസ്റ്റ് ഹില്ലിൽ എഫ്.സി.ഐ. ഡിപ്പോ ഉള്ളതുകൊണ്ട് ഷണ്ടിംഗിനായി റെയിൽവേ ഗേറ്റ് പലപ്പോഴും അടച്ചിടുന്ന ഒരു വിഷയവുമുണ്ട്. ഇതിന്റെ പ്രധാന്യം കണക്കിലെടുത്ത് 19-4-2018-ൽ ഗവൺമെന്റ് ഓവർ ബ്രിഡ്ജ് നിർമ്മാണം

RBDCK (Roads and Bridges Development Corporation of Kerala Limited) -യെ ഏൽപ്പിച്ചിട്ടുണ്ട്. 7-2-2020-ൽ 37.83 കോടി രൂപ കിഫ്ബി അനുവദിക്കുകയും ചെയ്തിരുന്നു. കെ-റെയിലിന്റെ അലൈമെന്റ് ഉള്ളതുകാരണം എൽ.എ.(ലാൻഡ് അക്യുസിഷൻ) നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായി നിൽക്കുകയാണ്. ഇതിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. അവിടെയുള്ള ജനങ്ങളുടെ ഒരുപാട് നാളത്തെ ആവശ്യമാണിത്. പൊതുമരാമത്ത് വകുപ്പുമന്ത്രി കോഴിക്കോട് നിന്നുള്ള ആളായതുകൊണ്ട് അദ്ദേഹത്തിന് ഇക്കാര്യത്തെക്കുറിച്ച് നല്ല അറിവുണ്ട്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തരമായി ഇടപെടണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിച്ചതുപോലെ ഇത് ദീർഘകാലത്തെ ഒരു പ്രശ്നമാണ്. ലെവൽ ക്രോസും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും രാജ്യത്തിന്റെ തന്നെ പ്രധാനപ്പെട്ടൊരു വിഷയമാണ്. എല്ലായിടത്തും

റെയിൽവെ ഗേറ്റുകളുള്ളതുകൊണ്ടാണ് കേരളത്തിൽ ഇത് അപകടകരമായി മാറാത്തത്. പലയിടത്തും ഗേറ്റില്ലാത്തത് കാരണം ആളുകൾ അപകടത്തിൽ കൂട്ടമായി മരിക്കുന്ന സ്ഥിതിയുണ്ട്. പ്രധാന പാതകളിൽ ലെവൽ ക്രോസില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുകയെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവച്ചൊരു പ്രധാനപ്പെട്ട ആശയമാണ്. സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് ഉതകുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയെന്ന നിലയിൽ സംസ്ഥാനത്ത് ഈ പദ്ധതി RBDCK വഴി 72 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

കിഫ്ബി ഫണ്ടും പൊതുമരാമത്ത് ഫണ്ടും ഉപയോഗിച്ചുകൊണ്ട് ആർ.ഒ.ബി.-കളുടെ നിർമ്മാണം നടക്കുകയാണ്. RBDCK-യുടെ ചരിത്രത്തിൽ ഇന്നുവരെ ഇല്ലാത്ത നിലയിൽ 10 ആർ.ഒ.ബി.-കളുടെ നിർമ്മാണം ഒരുമിച്ച് നടക്കുന്നുവെന്ന വിവരം ഈ സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇത്തരത്തിൽ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജിനെ കുറിച്ചാണ് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇതിന് തൊട്ടടുത്തുള്ളത്

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ മണ്ഡലമാണ്. അദ്ദേഹവും ഈ വിഷയവുമായി ബന്ധപ്പെട്ട് ഇടപെട്ടിരുന്നു. ഇതിന്റെ നിർമ്മാണ ചുമതല RBDCK-ക്ക് ആണ്. പദ്ധതിക്കായി കിഫ്ബി 7-2-2022-ലെ ഉത്തരവുപ്രകാരം 37,83,00,000/- രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി ഇത് സമർപ്പിച്ചു. എന്നാൽ പ്രദേശത്ത് സിൽവർ ലൈൻ അലൈൻമെന്റ് വരുന്നതിനാൽ ആ അലൈൻമെന്റ് അന്തിമമായതിനുശേഷം മാത്രമെ ജി.എ.ഡി. പരിഗണിക്കാൻ സാധിക്കുവെന്ന് റെയിൽവേ അറിയിച്ചു. ഇപ്പോഴുള്ള പദ്ധതിയുമായി മുന്നോട്ടുപോകാമെന്ന് കെ.ആർ.ഡി.സി.എൽ.(Kerala Rail Development Corporation Limited) കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ ജി.എ.ഡി. വീണ്ടും റെയിൽവേയ്ക്ക് സമർപ്പിച്ച് അംഗീകാരം തേടുന്ന പ്രവർത്തനത്തിലേയ്ക്ക് കടക്കാൻ RBDCK, എം.ഡി.-ക്ക് ഇതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. റെയിൽവേ അംഗീകാരം ലഭിച്ചാൽ മറ്റ് നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുന്നതാണ്.

(10) തൃക്കാക്കര-ബ്രഹ്മപുരം പാലം

ശ്രീമതി ഉമ തോമസ്: സർ, വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട് റീബിൽഡ് കേരള സ്കീമിൽ നിരവധി പാലങ്ങൾ വെർട്ടിക്കൽ ക്ലിയറൻസിനായി ഉയർത്തിയും പുതുക്കിയും പണിയുന്നതിന്റെ ഭാഗമായി തൃക്കാക്കര -കുന്നത്തുനാട് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ബ്രഹ്മപുരം പാലവും പൊളിച്ച് പുതുക്കിപണിയുന്നതിനായുള്ള നടപടികൾ നടന്നുവരികയാണ്. ഇതുമായി ബന്ധപ്പെട്ടാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കളമശ്ശേരി മെഡിക്കൽ കോളേജിലേയ്ക്ക് രോഗികളുമായി പോകുന്ന ആംബുലൻസുകളും ഇൻഫോപാർക്ക് മേഖലയിൽ ജോലി ചെയ്യുന്ന ടെക്കികൾ ഉൾപ്പെടെ സഞ്ചരിക്കുന്ന വഴിയും മൂന്നാർ ടൂറിസം മേഖലയിലേയ്ക്കുള്ള സഞ്ചാരികളുടെയും കിഴക്ക് ഭാഗത്തുനിന്ന് കൊച്ചി-മധുര ഹൈവേയിലൂടെ എറണാകുളത്തേക്ക് 30 ശതമാനത്തിലധികം വാഹനങ്ങൾ കടന്നുപോകുന്ന പ്രധാന പാതയാണ് ബ്രഹ്മപുരം പാലം. ഈ പാലം പുതുക്കിപ്പണിയുന്നതിന് മുമ്പായി സമാന്തര സഞ്ചാര പാത തയ്യാറാക്കി ഈ മേഖലയിലെ ഗതാഗതം സുഗമമാക്കണമെന്നാവശ്യപ്പെട്ട് ഞാൻ 13-7-2022-ൽ നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിനുള്ള

മറുപടിൽ ബഹുമാനപ്പെട്ട മന്ത്രി മറ്റുതരത്തിലുള്ള സംവിധാനങ്ങൾ ഇക്കാര്യത്തിൽ ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ പി.ഡബ്ല്യു.ഡി. ഇപ്പോൾ പാലം പൊളിച്ച് പണിയുന്നതിനായി വർക്ക് ഓർഡർ നൽകിയിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ച് കഴിഞ്ഞ 44 ദിവസമായി രാഷ്ട്രീയ ഭേദമന്യേ എല്ലാ സമീപവാസികളും വിവിധ യുവജന സംഘടനകളും തൊഴിലാളി സംഘടനകളും വ്യാപാരി വ്യവസായികളും ഐ.ടി. പ്രൊവിഷണലുകളുമൊക്കെ പ്രത്യക്ഷ സമരത്തിലാണ്. സ്ഥലം എം.എൽ.എ. എന്നുള്ള നിലയിൽ നിരവധി സംഘടനകളും റെസിഡൻസി അസോസിയേഷനുകളുടെ ഭാരവാഹികളും ഇക്കാര്യത്തിൽ ഉചിതമായ ഇടപെടൽ ഉണ്ടാകണമെന്നാവശ്യപ്പെട്ട് ദിനംപ്രതി എന്നെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. ഇതേത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും തദ്ദേശവാസികളുടെ ഒരു നിവേദനം സമർപ്പിച്ചിരുന്നു. ആയതിനാൽ പാലം പൊളിച്ചുപണിയുന്നതിനുമുമ്പായി ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീമതി ഉമ തോമസ് ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം എറണാകുളം ജില്ലയിലെ കടമ്പ്രയാർ നദിക്ക് കുറുകെയുള്ള ബ്രഹ്മപുരം പാലം വാട്ടർ മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി ഉയർത്തി നിർമ്മിക്കാൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ടാണ്. 820 കോടി രൂപയോളം ചെലവഴിച്ച് രാജ്യത്തുതന്നെ ശ്രദ്ധിക്കപ്പെടുന്ന ഒരു പദ്ധതിയാണ് വാട്ടർ മെട്രോ പദ്ധതി. ഇതിന്റെ ഭാഗമായി നിരവധി പാലങ്ങൾ പൊളിച്ച് ഉയർത്തി പണിയേണ്ടതായിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ വിഷയത്തിൽ ഒരു ബദൽ സംവിധാനമെന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് മാത്രമെ മുന്നോട്ടുപോകാൻ സാധിക്കുവെന്ന നിലപാടാണ് പി.ഡബ്ല്യു.ഡി.-ക്കുള്ളത്. ജില്ലയിൽനിന്നുള്ള മന്ത്രികൂടിയായ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ശ്രീമതി ഉമ തോമസിന്റെ തൊട്ടടുത്ത മണ്ഡലത്തിലെ ശ്രീ. പി. വി. ശ്രീനിജിൻ ഉൾപ്പെടെ ഈ വിഷയം

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി നേതൃത്വവും ആവശ്യപ്പെട്ടതും ബ്രഹ്മപുരം പാലം പൊളിക്കുന്നതിന് ഒരു സമാന്തര സംവിധാനം ഒരുക്കാതെ പൊളിക്കാൻ പാടില്ലെന്ന് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരെ നേരത്തെ അറിയിച്ചിട്ടുണ്ട്. വാട്ടർ മെട്രോയുടെ ഭാഗമായി അവിടെയുള്ള കുഴിച്ചിറ ബണ്ടുകുടി പൊളിക്കുന്നത് സംബന്ധിച്ചും ഒരു സമാന്തര സംവിധാനമെന്താണെന്ന് ആലോചിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ തീരുമാനമായതിനുശേഷം മാത്രമെ പാലം നിർമ്മാണത്തിലേയ്ക്ക് കടക്കാനാകുവെന്നത് ബഹുമാനപ്പെട്ട മന്ത്രിയെയും എം.എൽ.എ.-യെയും അറിയിച്ചിട്ടുണ്ട് സഭയെയും അറിയിക്കുകയാണ്.